# വിജ്ഞാപനം

## തിരുവനന്തപുരം ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറം അംഗത്തിന്റെ നിയമനത്തിന് അപേക്ഷ ക്ഷണിക്കുന്നു.

തിരുവനന്തപുരം ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിൽ ഒഴിവു വരുന്ന മുഴുവൻ സമയ അംഗത്തിന്റെ നിയമനത്തിന് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർ അംഗീകൃത യൂണിവേഴ്സിറ്റി ബിരുദമുള്ളവരും, 35 വയസ്സോ അതിനു മുകളിലോ പ്രായമുള്ളവരും, ധനതത്വം, നിയമം, കൊമേഴ്സ്, അക്കൗണ്ടൻസി, വ്യവസായം, പൊതുകാര്യങ്ങൾ, ഭരണനിർവഹണം എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിൽ 10 വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം ഉള്ളവരും, കഴിവും, ആർജവവും ഉള്ളവരും ആയിരിയ്ക്കണം. നിയമന കാലാവധി 5 വർഷം വരെയോ, 65 വയസ് വരെയോ (ഏതാണോ ആദ്യം അതുവരെ ) ആണ്. അപേക്ഷാ ഫോറത്തിന്റെ മാതൃക എല്ലാ ജില്ലാ കളക്ടറേറ്റുകളിലും, ജില്ലാ സപ്ലൈ ഓഫീസുകളിലും, ജില്ലാ ഉപഭോക്തൃ തർക്കപരിഹാര ഫോറങ്ങളിലും www.consumeraffairs.kerala.gov.in എന്ന വെബ്സൈറ്റിലും ലഭ്യമാണ്.

അപേക്ഷകർ ബയോഡേറ്റ, സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് എന്നിവ സഹിതം, നിശ്ചിത അപേക്ഷ ഫോറത്തിൽ 30-05-2018 ന് മുൻപ് ജില്ലാ കളക്ടർമാർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. ജില്ലാ കളക്ടർമാരിൽ നിന്ന് ലഭിയ്ക്കുന്ന അപേക്ഷകളിൽ നിന്ന് ചുരുക്കപ്പട്ടിക തയ്യാറാക്കി സർക്കാർ നിയമിക്കുന്ന സെലക്ഷൻ കമ്മിറ്റി നടത്തുന്ന അഭിമുഖത്തിന്റെ അടിസ്ഥാനത്തിലായിരിക്കും നിയമനം നടത്തുന്നത്. അഭിമുഖത്തിൽ പങ്കെടുക്കുന്നതിനായി അപേക്ഷകർക്ക് യാത്രാബത്തയോ മറ്റു ചെലവുകളോ അനുവദിക്കുന്നതല്ല.

തിരുവനന്തപുരം.
26-04 -2018